**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2400** **16-03-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മയക്കുമരുന്നുകളുടെ ഉപയോഗവുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഒരു വർഷം രജിസ്റ്റർ ചെയ്ത കേസുകളിൽ 20 വയസ്സിന് താഴെ പ്രായമുള്ളവർ എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ; മയക്കുമരുന്ന് ലഹരിയിൽ വിവിധ തരത്തിലുള്ള കുറ്റകൃത്യങ്ങൾ ചെയ്തതിന്റെ പേരിൽ കഴിഞ്ഞ ഒരു വർഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | എക്സൈസ് വകുപ്പിൽ കഴിഞ്ഞ ഒരു വർഷം രജിസ്റ്റർ ചെയ്ത കേസുകളിൽ 20 വയസ്സിന് താഴെ പ്രായമുള്ള 293 പേർ ഉണ്ട്. മയക്കുമരുന്ന് ലഹരിയിൽ വിവിധ തരത്തിലുള്ള കുറ്റകൃത്യങ്ങൾ ചെയ്തതിന്റെ പേരിൽ എക്സൈസ് വകുപ്പിൽ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ബി) | കഴിഞ്ഞ ഒരു വർഷം സംസ്ഥാനത്ത് പിടികൂടിയ മയക്കുമരുന്നുകൾ ഏതെല്ലാമാണെന്നും അവയുടെ തൂക്കം എത്രയാണെന്നും വിശദമാക്കുമോ; | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | മയക്കുമരുന്നുകളുടെ ഉപയോഗത്തിലും വിപണനത്തിലും അനേകം വിദ്യാർത്ഥികൾ ഉൾപ്പെടുന്നതായും വിദ്യാർത്ഥികളെ ഇതിനായി പ്രലോഭിപ്പിക്കുന്ന മാഫിയകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . |
| (ഡി) | സംസ്ഥാനത്ത് മയക്കുമരുന്നുകൾ ഉപയോഗിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ആയത് ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (ഡി) | കണക്കാക്കിയിട്ടില്ല. |
| (ഇ) | വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗവും വിപണനവും തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന് പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | (ഇ) | ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിന് സ്കൂൾ/ കോളേജ് തലങ്ങളിൽ രൂപീകരിച്ചിട്ടുള്ള ലഹരി വിരുദ്ധക്ലബ്ബുകൾ വഴി വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ട് ബോധവൽക്കരണ ക്ലാസുകളും മറ്റ് കലാകായിക പരിപാടികളും സംഘടിപ്പിച്ചു വരുന്നു. പ്രൈമറി തലം മുതൽ തന്നെ വിദ്യാർത്ഥികളുടെ സ്വഭാവ രൂപീകരണത്തിനും ജീവിത നൈപുണികൾ വികസിപ്പിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അധ്യാപകരുടെ സഹായത്താൽ |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികളുടെ ലഹരി ഉപയോഗം ആരംഭത്തിലേ മനസ്സിലാക്കി കൗൺസിലിംഗ്, ചികിത്സ തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നതിന് 'നേർവഴി' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (എഫ്) | ലഹരികൾക്ക് അടിമപ്പെട്ടത് കാരണം പഠനം മുടങ്ങിയതും മാനസിക, ആരോഗ്യനില തകരാറിലായതുമായ വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് ആവശ്യമായ കൗൺസിലിംഗും ചികിത്സയും നൽകുന്നതിന് സമഗ്രപദ്ധതി തയ്യാറാക്കുമോ? | (എഫ്) | വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ആരംഭത്തിലേ കണ്ടെത്തി ആവശ്യമായ കൗൺസിലിംഗും ചികിത്സയും നൽകുന്നതിനുള്ള നടപടികൾ വിമുക്തി മിഷനും എക്സൈസ് വകുപ്പും സ്വീകരിച്ചു വരുന്നു. ജനമൈത്രി എക്സൈസ് സ്ക്വാഡുകളുടെ ആഭിമുഖ്യത്തിൽ പഠനം മുടങ്ങിയ വിദ്യാർത്ഥികളെ കണ്ടെത്തി തിരികെ സ്കൂളിൽ എത്തിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| മയക്കുമരുന്നുകൾ | അളവ് |
|---|---|
| കഞ്ചാവ് | 5632.6 Kg |
| കഞ്ചാവ് ചെടി | 760 Nos. |
| ഹാഷിഷ് | 16062. gm |
| ഹെറോയ്ൻ | 18.187 gm |
| ബ്രൗൺ ഷുഗർ | 103.78 gm |
| MDMA | 6130.5 gm |
| LSD | 3.657 gm |
| ചരസ് | 172.55 gm |
| നൈട്രോസെപാം | 1684 tab |
| ഓപിയം | 0.870 gm |
| ബുപ്രിനോർഫിൻ | 77 Amp |
| ഫെനർഗ്രാം | 6 Amp |
| ലോറസെപ്പം | 70 Amp |

സെക്ഷൻ ഓഫീസർ